(ബി) പാലയ്ക്കൽ, ചിറയ്ക്കൽ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള 33 കെ.വി. സബ് സ്റ്റേഷനുകൾക്കുള്ള സ്ഥലമെടുപ്പിനാവശ്യമായ ഉത്തരവുകൾ ബോർഡ് നൽകി കഴിഞ്ഞു. സ്ഥലമേറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(സി) സ്ഥലമെടുപ്പ് പൂർത്തിയായി കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഈ സബ് സ്റ്റേഷനുകൾ 2001-ാം മാണ്ട് മാർച്ചിനു മുമ്പ് പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

130 (274) വൈദ്യുതി ബോർഡ് ഓഫീസുകൾ ആരംഭിക്കാൻ നടപടി

<u>ശ്രീ. എ. അലിഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ സൗകര്യം ലക്ഷ്യമാക്കി ആവശ്യമായ ഓഫീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇടവ, കെടാകുളം, വർക്കല, പാലച്ചിറ, കല്ലമ്പലം, വക്കം എന്നീ സെക്ഷൻ ആഫീസുകൾ പ്രവർത്തിക്കുന്ന വർക്കലയിൽ ഒരു ഡിവിഷണൽ ആഫീസ് ആരംഭിക്കണമെന്നും, പാലച്ചിറ സെക്ഷൻ ആഫീസ് മേജർ സെക്ഷൻ ആക്കണമെന്നുമുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ ആവശ്യം അടിയന്തിരമായി അനുവദിക്കുവാൻ ഉത്തരവ് നൽകുമോ;

(ഡി) വർക്കലയിൽ 66 കെ.വി. ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷൻ ആയി ഉയർത്തിയത് സംബന്ധിച്ച പണി ഉടനെ ആരംഭിക്കാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ പുതിയ വൈദ്യുതിനയം നടപ്പിലാക്കികഴിഞ്ഞു മാത്രമേ ബോർഡ് ഇനി പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ഡി) ആർ.ഇ.സി. യുടെ സാമ്പത്തിക സഹായത്തോടെ രണ്ടു വർഷത്തിനകം പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ള സബ് സ്റ്റേഷനുകളുടെ കൂട്ടത്തിൽ വർക്കല 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. യാക്കി ഉയർത്താനുള്ള നിർദ്ദേശവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ ഓഫീസുകൾ അനുവദിച്ചു കഴിഞ്ഞു.

131 (275) പുതിയ വൈദ്യുതി കണക്ഷനുകൾ

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃക്കരിപ്പൂർ നിയോജകമ ണ്ഡലത്തിൽ കാർഷികാവശ്യങ്ങൾക്കും, വീടുകൾക്കുമായി എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃക്കരിപ്പൂർ നിയോജകമ ണ്ഡലത്തിൽ 1112 കാർഷിക കണക്ഷനുകളും, 3456 ഗാർഹിക കണക്ഷനു കളും പുതിയതായി നൽകിയിട്ടുണ്ട്.

132 (276) വൈദ്യുതി ബോർഡ് ജീവനക്കാരുടെ പി.എഫ്.

ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛ ക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ച പി.എഫ്. തുക വകമാറി ചെലവഴിക്കുന്നതുമൂലം ഇതു സംബന്ധിച്ച അക്കൗണ്ടിൽ പണമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വസ്തുത എന്താണെന്ന് അന്വേഷി ച്ചിട്ടുണ്ടോ;

(സി) പി.എഫ്. ഇനത്തിൽ പിടിക്കുന്ന തുക വകമാറി ചെലവഴി ക്കാൻ വ്യവസ്ഥയുണ്ടോ;

(ഡി) ഈ തുക ബോർഡിന്റെ വരുമാനമായി കണക്കാക്കാറുണ്ടോ;

(ഇ) ഈ തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിക്കാറുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത അക്കൗണ്ടിൽ 31-3-99-ലെ ബാലൻസ് എത്രയാ ണെന്ന് വെളിപ്പെടുത്താമോ;

(ജി) 1998-99-ൽ വൈദ്യുതി ബോർഡിന്റെ കോൺട്രിബ്യൂഷനായി പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് എത്ര തുക മാറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വൈദ്യുതി ബോർഡ് ജീവനക്കാരിൽനിന്നും പിടിക്കുന്ന പി.എഫ്. തുക ഇലക്ട്രിസിറ്റി ബോർഡിന്റെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി ചെലവഴിക്കുവാൻ വ്യവസ്ഥയുണ്ട്. ഈ തുക പ്രത്യേക അക്കൗണ്ട് ഹെഡ്ഡിലാണ് വകകൊള്ളിക്കുന്നത്. ടി. അക്കൗണ്ടിൽ പണമില്ല എന്നു പറയു ന്നത് ശരിയല്ല. പി.എഫ്. തുക വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കു ന്നതുകൊണ്ട് ജീവനക്കാരുടെ പി.എഫ്. ക്ലെയിമുകൾ നൽകാൻ ചെറിയ കാല താമസം ഉണ്ടാകുന്നുവെന്നു മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly